**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2991** **12-07-2022 - ൽ മറുപടിയ്ക്ക്**

**മൊഗ്രാലിൽ മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ആസ്ഥാനമായി പ്രവർത്തിക്കുന്ന മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് മാത്രമാണ് ഉപകേന്ദ്രം പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത അക്കാദമിയുടെ ഉപകേന്ദ്രമോ മറ്റ് അനുബന്ധ സ്ഥാപനമോ 2006-2011 കാലയളവിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മൊഗ്രാലിൽ പ്രവർത്തിച്ചിരുന്നോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അക്കാദമിക്ക് കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ ഉപകേന്ദ്രം പ്രവർത്തിച്ചിരുന്നു. 2006-11ൽ മോയിൻകുട്ടി വൈദ്യർ സ്മാരകമായിരുന്ന കാലത്ത് അന്നത്തെ കമ്മിറ്റി തീരുമാനപ്രകാരമാണ് ഉപകേന്ദ്രം സ്ഥാപിച്ചത്. ഇത് സംബന്ധമായി ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | ഇശൽ ഗ്രാമം എന്നറിയപ്പെടുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാലിൽ മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഒരു ഉപകേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇത് സംബന്ധമായി മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ഡി) | സ്കൂൾ ഓഫ് മാപ്പിള ആർട്സ് നിലവിൽ കാസർകോട് ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്കൂൾ ഓഫ് മാപ്പിള ആർട്സ് സംവിധാനം നിലവിൽ അക്കാദമിയിൽ മാത്രമാണ് ഉള്ളത്. മറ്റ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ